LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ

28 [339] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് വർഷം മുതൽക്കുള്ള അപേക്ഷകളാണ് ഉള്ളത്;

(സി) വ്യവസായ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് വ്യവസായ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 282.

(ബി) 2004 മുതൽ

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

എം.എൽ.എ., എം.പി., തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഡെപ്പോസിറ്റ് വർക്കുകൾ

29 [340] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരും, എം.പി.മാരും, തദ്ദേശഭരണ സ്ഥാപനങ്ങളും വൈദ്യുതി ലൈനുകൾ ലഭിക്കുന്നതിനുവേണ്ടി എത്ര ലക്ഷം രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ഇതിനകം കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി ഏതെല്ലാമാണ് പൂർത്തീകരിക്കാനുള്ളത്;

(സി) സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?